# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2763

18.06.2018-ന് മറുപടിയ്ക്ക്

## വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പാക്കുവാൻ മാർഗ്ഗ നിർദ്ദേശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂളുകളിൽ വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പാക്കുവാൻ ഉതകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് അതിലെ പ്രധാന നിർദ്ദേശങ്ങൾ; വിശദമാക്കാമോ;<br><br>(ബി) സ്കൂൾ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ചെയ്യാവുന്നതും ചെയ്തു കൂടാത്തതുമായ കാര്യങ്ങളുടെ പട്ടിക ഇതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ടോ; | (എ) & (ബി) എല്ലാ അദ്ധ്യയന വർഷവും സംസ്ഥാനത്തെ സ്ക്കൂളുകൾ തുറക്കുന്നതിന് മുമ്പായി, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയർമാർ സ്ക്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ പരിശോധിച്ച് ഫിറ്റ്നസ് /അൺഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നിർദ്ദേശം നൽകിവരുന്നു. സ്കൂളിനും സ്കൂൾ കുട്ടികൾക്കും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം മുറിച്ച് മാറ്റുന്നതിനുള്ള അനുവാദവും സ്കൂൾ അധികൃതർക്ക് നൽകിയിട്ടുണ്ട്. ഇത് കൂടാതെ സ്കൂളിനോട് ചേർന്ന് അപകടാവസ്ഥയിലുള്ള വൈദ്യുതി പോസ്റ്റുകൾ, വൈദ്യുതി കണക്ഷനുകൾ എന്നിവ പരിശോധിക്കുന്നതിനും അപകടാവസ്ഥ പരിഹരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാനും സ്കൂൾ കോമ്പൗണ്ടിലും പരിസരങ്ങളിലുമുള്ള വെള്ളക്കെട്ടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവ അപകടരഹിതമെന്ന് ഉറപ്പുവരുത്തുവാനും സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ടവരിൽ നിന്നും വാങ്ങുവാനും വേണ്ടത്ര പരിചയം ഇല്ലാത്തവരും |

അംഗവൈകല്യമുള്ളവരും കാഴ്ച/കേൾവി കുറവുള്ളവരും അനാരോഗ്യവാന്മാരും സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർ/ക്ലീനർ എന്നിവരായി ജോലി ചെയ്യുന്നില്ലെന്ന് ഉറപ്പാക്കാനും ശക്തമായ മഴ, മറ്റ് പ്രകൃതിക്ഷോഭങ്ങൾ എന്നിവ കാരണം സ്കൂളുകൾക്ക് അവധി പ്രഖ്യാപിക്കുന്നതറിയാതെ സ്കൂളുകളിൽ എത്തിച്ചേരുന്ന കുട്ടികളെ സുരക്ഷിതമായി വീടുകളിൽ എത്തിക്കുവാനും അടിയന്തിര സാഹചര്യങ്ങളിൽ ജില്ലാ കളക്ടറേറ്റ്/ജില്ലാ ദുരന്ത നിവാരണ സമിതി എന്നിവയുമായി ബന്ധപ്പെടുവാനും ദേശീയ ദുരന്ത നിവാരണ അതോറിട്ടിയുടെ സ്കൂൾ സുരക്ഷാ പദ്ധതി സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാനും എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും സ്കൂൾ അധികൃതർക്കും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്കൂളുകളിൽ സുരക്ഷാ ക്ലബ്ബ് ആരംഭിക്കണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(സി) സ്കൂളുകളിൽ സുരക്ഷാ ക്ലബ്ബ് ഔദ്യോഗികമായി പ്രാവർത്തികമാക്കിയിട്ടില്ല.

(ഡി) സ്കൂൾ ബസ്സുകളിൽ നിയുക്തരാകുന്ന ഡ്രൈവർമാരെയും സഹായികളെയും കുറിച്ച് അന്വേഷിക്കുന്നതിനും അവരുടെ പൂർവ്വകാല ചരിത്രം മനസ്സിലാക്കിയ ശേഷം നിയമനം നൽകുന്നതിനും ശുപാർശ ചെയ്യുമോ ?

(ഡി) സ്കൂൾ ബസ്സുകളിൽ നിയുക്തരാകുന്ന ഡ്രൈവർമാരുടെയും സഹായികളുടെയും വിവരം പ്രഥമാദ്ധ്യാപകർ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ സമർപ്പിക്കാറുണ്ട്. ഇവരെക്കുറിച്ച് അന്വേഷിക്കുന്നതിനും അവരുടെ പൂർവ്വകാല ചരിത്രം മനസ്സിലാക്കിയ ശേഷം നിയമനം നൽകുന്ന കാര്യവും പരിശോധിക്കുന്നതാണ്.

Namitha P

സെക്ഷൻ ഓഫീസർ